WEDNESDAY

27/08/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/08/2025

1. സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാകക്കിയ **ഓണത്തിന് ഒരു മുറം പച്ചക്കറി** പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയേറ്റ് ക്യാമ്പസിൽ ആരംഭിച്ച പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഇന്ന് (27.08.2025) രാവിലെ 10 മണിക്ക് സെക്രട്ടേറിയേറ്റ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനതലത്തിൽ ആരംഭം കുറിക്കും. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷനാകുന്ന ചടങ്ങിൽ മറ്റ് മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കും. ഓണക്കാലത്ത് വീട്ടുവളപ്പിൽ തന്നെ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് **ഓണത്തിന് ഒരു മുറം പച്ചക്കറി** പദ്ധതി നടപ്പിലാക്കി വരുന്നത്.

2. കാർഷിക മേഖലയിലെ ഇൻപുട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 40 സെഷനുകളും 8 ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 28,000 രൂപ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം 30.08.2025-ന് മുമ്പായി തിരുവനന്തപുരം ATMA പ്രോജെക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ ഒരു വർഷം പ്രായമുള്ള **കോമാടൻ,** WCT, **കേരസങ്കര, കേരഗംഗ** എന്നീ ഇനത്തിൽപ്പെട്ട അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിൽപ്പനക്കായി തയ്യാറായിട്ടുണ്ട്. വിശദാംശങ്ങൾക്കായി 0471-2383572 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തിദിനങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. പരമ്പരാഗത പാരമ്പര്യേതര മേഖലകളിലെ റബ്ബർതോട്ടങ്ങളിൽ 2025-ൽ ഇല രോഗങ്ങൾക്ക് പ്രതിരോധനടപടിയായി മരുന്നുതളി നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബർ ഉത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള **'സർവീസ് പ്ലസ്'** പോർട്ടൽ വഴി 2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

5. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാളികേര ഗവേഷണ കേന്ദ്രം തിരുവനന്തപുരം, തൃശ്ശൂർ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രം, കാസർകോഡുള്ള കാർഷിക കോളേജ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നീ കേന്ദ്രങ്ങളിൽ കേരശ്രീ, കേരഗംഗ, കേരശങ്കര, ലക്ഷഗംഗ, അനന്തഗംഗ എന്നീ ഇനങ്ങൾ തെങ്ങിൻ തൈകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില 325 രൂപ മുതൽ 375 രൂപ വരെ. ഫോൺ തിരുവനന്തപുരം: 0471-2400621, മണ്ണുത്തി : 9447442133, കാസർകോഡ് : 9995380561, 9495240048.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളുടെ വില്പനക്കായി ബുക്കിംഗ് സ്വീകരിക്കുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ 0479 2449268, 2959268, 9447790268 എന്നീ ഫോൺ നമ്പറുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

7. റബ്ബർതോട്ടങ്ങളിൽ 2025-ൽ റെയിൻഗാർഡ് ചെയ്യുന്നതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി 2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

## പരിശീലന പരിപാടി

8. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 09.09.2025 മുതൽ 20.09.2025 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 135/ രൂപ പരിശീലനാർത്ഥികൾ 08.09.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

## കാർഷിക നിർദേശം

1. നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവവളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ച് നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാദ്ധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനു പുതയിടീൽ സഹായിക്കും. മഴ ശമിക്കുന്നതോടെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മ കൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം /പൊള്ളുരോഗം എന്നിവ നിയന്ത്രിക്കാൻ സാധിക്കും.